ആർ.ബി.ഐ / 2005-06/196

ഡി ബി ഒ ഡി നമ്പർ ഐ ബി ഡി . ബി.സി 663/23.67.001/2005-06

എല്ലാ ഷെഡ്യൂൾഡ് കമേർസ്യൽ ബാങ്കുകളിലേയും
ചെയർമാൻമാരും സി.ഇ.ഒ മാരും അറിയുന്നതിന്

2, നവംബർ, 2005

സർ,

സ്വർണാഭരണങ്ങൾ ജ്വലറി എന്നിവയുടെ ഈടിന്മേൽ
കടം കൊടുക്കുന്നതു സംബന്ധിച്ച്.

1994 നവംബർ 22ന് ഞങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള DBOB.No. BP.BC. 138/21.01.023/94 എന്ന നമ്പരിൻമേൽ സൂചിപ്പിച്ച വിഷയം സംബന്ധിച്ചുള്ള അറിയിപ്പും ഇതേ വിഷയവുമായി ബന്ധപ്പെട്ട് നേരത്തെപുറപ്പെടുവിച്ചിട്ടുള്ള അറിയിപ്പുകളും (കോപ്പികൾ ഇതോടൊപ്പം വയ്ക്കുന്നു) ദയവായി കാണുക.

2. സ്വർണാഭരണങ്ങളുടെ ഹാൾമാർക്കിങ്ങ്, ആഭരണങ്ങളുടെ കാരറ്റ് നിർണയിക്കുന്നതിനും, ഗുണമേന്മ, ശുദ്ധത എന്നിവ ഉറപ്പുവരുത്തുന്നതിനും ഏറെ സഹായകരമാണെന്ന് താങ്കൾക്കറിയാമല്ലോ. ഇത്തരത്തിൽ ഹാൾമാർക്കിങ്ങ് ചെയ്തിട്ടുള്ള സ്വർണ്ണാഭരണങ്ങളുടെ ഈടിന്മേൽ പണം കടം കൊടുക്കുന്നത് ബാങ്കുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ സുഗമവും സുരക്ഷിതവുമായിരിക്കും. ഈ സാഹചര്യത്തിൽ പണം കടംനൽകുന്നതിന് ഈട് സ്വീകരിക്കുമ്പോൾ ഹാൾമാർക്കിങ്ങ് ചെയ്തിട്ടുള്ള സ്വർണ്ണാഭരണങ്ങൾക്ക് മുൻഗണന നൽകുന്നത് ഹാൾമാർക്കിങ്ങ് സമ്പ്രദായത്തിന് പ്രോത്സാഹനകരമായിരിയ്ക്കും. ഇത്, ദീർഘകാലാടിസ്ഥാനത്തിൽ ഉപഭോക്താക്കളുടേയും, വായ്പനൽകുന്നവരുടേയും വ്യവസായത്തിന്റെയും ഉത്തമ താല്പര്യത്തിന് അനുഗുണമായിത്തീരുമല്ലോ.

3. ഇക്കാരണത്താൽ, ബാങ്കുകൾ സ്വർണാഭരണങ്ങളുടെ ഈടിന്മേൽ പണം കടം കൊടുക്കുമ്പോൾ, ഹാൾമാർക്കു ചെയ്ത ആഭരണങ്ങളുടെ മേന്മ കണക്കിലെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് തുക, പലിശ നിരക്കു എന്നിവ സംബന്ധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

4. സ്വർണാഭരണങ്ങൾ, ജ്വല്ലറി എന്നിവയുടെ ഈടിന്മേൽ പണം കടംകൊടുക്കുന്നതു സംബന്ധിച്ചുള്ള മറ്റു വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

വിശ്വസ്തതയോടെ
പി. സരൺ
(ചീഫ് ജനറൽ മാനേജർ)